# നോഹയുടെ പെട്ടകം

1924 ലെ പ്രളയത്തെപ്പറ്റി എന്റെ പ്രായക്കാർ കേൾക്കുകമാത്രമേ ചെയ്തിട്ടുള്ളു. ബൈബിളിൽ പറയുന്ന ജലപ്രളയത്തെപ്പറ്റി ഞാൻ വായിച്ചിട്ടുമുണ്ട്. ഈ കഴിഞ്ഞ ദിവസങ്ങളിൽ കേരളം നേരിട്ട പ്രളയം എന്താണെന്ന് വായിച്ചും ദൃശ്യമാധ്യമങ്ങളിൽ കണ്ടും ഞാൻ നേരിട്ടനുഭവിച്ചു.

പ്രകൃതി കോപത്തിനു മുന്നിൽ മനുഷ്യൻ ഒന്നുമല്ലെന്ന് മലയാളികൾ മനസ്സിലാക്കി

അഹങ്കാരം കളഞ്ഞു നമ്മുക്ക് കൈകോർക്കാം .

ജാതിപ്പിശാച്ചും വർഗ്ഗീയതയും നമ്മളെ പിടിച്ചിട്ടില്ലെന്നു കഴിഞ്ഞ ദിവസങ്ങളിൽ നാം തെളിയിച്ചു.

നാം രാഷ്ട്രീയം മറന്നു.

മനുഷ്യനാണ് വലുത് എന്ന് നാം വിളിച്ചു പറഞ്ഞു.

കോടീശ്വരന്റെ ഫെരാരിയെക്കാൾ വില മുക്കുവന്റെ ചെറു വള്ളത്തിനുണ്ടെന്നു നാം കണ്ടു.

പട്ടാളവും പോലീസും ഫയർ ഫോഴ്സും മത്സ്യത്തോഴിലാളിയും ടെക്കികളും വിദ്യാർത്ഥികളും ചെറുപ്പക്കാരും ചേർന്ന് ആകാശത്തിലൂടെയും വെള്ളത്തിലൂടെയും ഒരേ യുദ്ധം ചെയ്യുന്നത് നാം കണ്ടു.

മത്സ്യത്തൊഴിലാളിക്ക് മീനിനെപ്പിടിക്കാൻ മാത്രമല്ല, മനുഷ്യനെയും മരിക്കാതെ പിടിക്കാൻ അറിയാം എന്ന് തെളിയിച്ചു

.സ്വന്തം വീടിന്റെ വാതിലുകൾ തുറന്നിട്ട് കൊടുത്തപ്പോൾ മലയാളി ജാതി നോക്കിയില്ല, പണം നോക്കിയില്ല, ഭക്ഷണം പങ്കു വെച്ചത് ബന്ധം നോക്കിയല്ല. ഭക്ഷണം കഴിച്ചത് രുചി നോക്കിയല്ല.

അമ്പലത്തിൽ മുസ്ലീങ്ങളും മസ്ജിദുകളിൽ ഹിന്ദുക്കളും ക്രിസ്ത്യൻ പള്ളികളിൽ എല്ലാ ജാതിക്കാരും അഭയം തേടി .

ഒരു ദൈവവും "കടക്കു പുറത്ത് " എന്ന് പറഞ്ഞില്ല .

തുടർന്നും നമ്മുക്ക് അങ്ങനെതന്നെ തുടരാം.
നോഹയുടെ പെട്ടകം പോലെയാണ് കേരളമിപ്പോൾ.

ഈ പ്രളയത്തെ അതിജീവിക്കാനുള്ള മനഃക്കരുത്ത് നമുക്കുണ്ട്. പുതിയ ചരിത്രമെഴുതാൻ നമുക്കാവും. അതിനുള്ള അവസരമാണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ളത്......

20.08.18 ബാബു പാലത്തും പാട്ട്